**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2855** **10-03-2025 - ൽ മറുപടിയ്ക്ക്**

**ഇക്കോ ടൂറിസത്തിന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇക്കോ ടൂറിസത്തിന്റെ വികസനത്തിനായി എന്തൊക്കെ നടപടികൾ വനംവകുപ്പ് സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇക്കോ ടൂറിസത്തിന്റെ വികസനത്തിനായി വനം വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:<br><br>1. സംസ്ഥാനത്തെ വിവിധ ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെ പണമിടപാടുകൾ പൂർണമായും ഓൺലൈനിലേക്ക് മാറ്റുകയും വിനോദ സഞ്ചാരികൾക്ക് ഓൺലൈൻ ഇടപാടുകൾ സുഗമമാക്കുന്നതിനു വേണ്ടി എല്ലാ ഇക്കോ ടൂറിസം കേന്ദ്രങ്ങളിലും POS മെഷീനുകൾ സ്ഥാപിക്കുകയും ചെയ്തു<br>2. ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെ കുള്ള റോഡുകൾ അറ്റകുറ്റപണികൾ നടത്തി സുഗമമായ യാത്ര സൗകര്യം ഒരുക്കിയിട്ടുണ്ട്.<br>3. ഇക്കോ ടൂറിസം കേന്ദ്രങ്ങളിലേക്കുള്ള വിനോദസഞ്ചാരികളുടെ വർദ്ധനവിനനുസരിച്ച് നിലവിലുള്ള കുടിവെള്ള സൗകര്യങ്ങൾക്കും ടോയിലെറ്റ് സൗകര്യങ്ങൾക്കും പുറമെ കൂടുതൽ ടോയിലെറ്റുകളും കുടിവെള്ള സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.<br>4. പ്ലാസ്റ്റിക് തുടങ്ങിയ മാലിന്യങ്ങൾ അലക്ഷ്യമായി ഉപേക്ഷിക്കുന്നത് തടയുവാൻ ബോധവൽകരണ ബോർഡുകളും മുന്നറിയിപ്പ് ബോർഡുകളും കൂടുതൽ വെയ്സ്റ്റ്ബിന്നുകളും സ്ഥാപിക്കുകയും നിരീക്ഷണങ്ങൾക്കായി കൂടുതൽ CCTV ക്യാമറകളും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കൂടാതെ വിവിധ ഡിവിഷനുകൾക്ക് കീഴിൽ നടത്തിയ പ്രവർത്തനങ്ങൾ ഇവയാണ്<br><br>1. തിരുവനന്തപുരം ഡിവിഷന് കീഴിലെ പൊൻമുടി ഇക്കോ ടൂറിസം കേന്ദ്രത്തിലെത്തുന്ന |

സഞ്ചാരികൾക്കായി 3D തീയറ്റർ, കുളത്തുപ്പുഴ വനമ്യൂസിയത്തിൽ കളരി ഓഡിറ്റോറിയം, ടിമ്പർ മ്യൂസിയം, ഓഗ്‌മെന്റഡ് റിയാലിറ്റി ഷോ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംവിധാനത്തോടുകൂടിയ വിർച്വൽ ഷോ, ട്രൈബൽ ഹട്ട് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കുളത്തുപ്പുഴ മ്യൂസിയത്തിൽ സന്ദർശകർക്കായി കഫറ്റീരിയയും, വനോൽപ്പന്നങ്ങൾ വിൽക്കുന്ന വനശ്രീ ഇക്കോ ഷോപ്പും പ്രവർത്തിച്ചു വരുന്നു.

2. കോന്നി ഡിവിഷന് കീഴിലെ കോന്നി ഇക്കോ ടൂറിസം സെന്ററിൽ FDA ഫണ്ട് ഉപയോഗിച്ച് 3D തീയറ്റർ, എലിഫന്റ് മ്യൂസിയം എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അടവി ഇക്കോടൂറിസത്തിന്റെ ഭാഗമായ പേരുവാലിയൽ ആരണ്യകം കഫേ പുനർനിർമ്മിച്ചിട്ടുണ്ട് .
3. മൂന്നാർ ഡിവിഷനിലെ ചൊക്രമുടിയിൽ Bison Trail Trekking എന്ന ട്രെക്കിംഗ് പ്രോഗ്രാം ആരംഭിച്ചിട്ടുണ്ട്.
4. നിലമ്പൂർ നോർത്ത് ഡിവിഷനിലെ ചാലിയാർ വ്യൂ ഇക്കോ ടൂറിസം കേന്ദ്രത്തിന്റെ Old DFO Bungalow ന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുകയും, കനോലി ഇക്കോ ടൂറിസം കേന്ദ്രത്തിൽ ചാലിയാർ പുഴയ്ക്ക് കുറുകെ ഉണ്ടായിരുന്ന പ്രളയത്തിൽ നശിച്ച തൂക്കുപാലത്തിന്റെ പുനർ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളതുമാണ്.
5. മണ്ണാർക്കാട് ഡിവിഷന് കീഴിലെ ശിരുവാണി ഇക്കോ ടൂറിസം സെന്റർ നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി പുനരാരംഭിച്ചിട്ടുണ്ട്.
6. നെന്മാറ ഡിവിഷനിലെ കേശവൻപാറ ഇക്കോ ടൂറിസത്തിന് കീഴിൽ സർക്കാർ ഏറ്റെടുത്ത റോസറി, തുത്തംമ്പാറ എന്നീ എസ്റ്റേറ്റ് ബംഗ്ലാവുകൾ കേന്ദ്രീകരിച്ച് Paid Nature Study Centre ആരംഭിച്ചിട്ടുണ്ട്.
7. സൗത്ത് വയനാട് ഡിവിഷനു കീഴിൽ 9.4.2022 മുതൽ ആനച്ചോല കാറ്റുകുന്ന് ട്രക്കിംഗ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
8. പെരിയാർ ഈസ്റ്റ് ഡിവിഷനിലെ തേക്കടിയിൽ നിലവിലുള്ള 13 ഇക്കോ ടൂറിസം പരിപാടികൾ തുടരുന്നതിനോടൊപ്പം പെരിയാർ ക്രൂയിസ്, ഇടപ്പാളയം നൈറ്റ്സ്, ബഗ്ഗി സഫാരി എന്നീ 3 പുതിയ ഇക്കോ

ടൂറിസം പരിപാടികൾ ഈ സർക്കാരിന്റെ കാലയളവിൽ ആരംഭിച്ചിട്ടുണ്ട്.

9. മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷന് കീഴിൽ ഇരവികുളം ദേശീയോദ്യാനത്തിന്റെ ദൃശ്യഭംഗി ആസ്വദിക്കാവുന്ന 360 ഡിഗ്രി വീഡിയോ ദൃശ്യാവിഷ്കാരമുള്ള ഒരു വിർച്ച്വൽ റിയാലിറ്റി സെന്റർ, വിശാലമായ പാർക്കിംഗ് സൗകര്യം, സുവനീർ ഷോപ്പ്, ലഘു ഭക്ഷണശാലകൾ, പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിനും ഭിന്നശേഷി സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഗോൾഫ് കാർട്ട് ഇലക്ട്രിക് വാഹന സഫാരി, ഭിന്നശേഷി സൗഹൃദ ശുചിമുറി, കാഴ്ച പരിമിതർക്കായുള്ള ബ്രയിൽ ലിപിയിലുള്ള ബ്രോഷറുകൾ, കേൾവിപരിമിതർക്ക് ആംഗ്യ ഭാഷയിലുള്ള വീഡിയോ തുടങ്ങിയ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.
10. ഇടുക്കി ഡിവിഷനിലെ ഇടുക്കി വന്യജീവി സങ്കേതത്തിൽ 10, 19 വാഹകശേഷിയുള്ള രണ്ട് പുതിയ ബോട്ടുകൾ വാങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. തട്ടേക്കാട് പക്ഷി സങ്കേതത്തിൽ വയോജനങ്ങൾക്കും, ഭിന്നശേഷിക്കാർക്കും വേണ്ടി ബാറ്ററിയിൽ പ്രവർത്തിക്കുന്ന ബഗ്ഗി കാർ സൗകര്യം ഏർപ്പെടുത്തുകയും പുതിയതായി സിലോൺ ഫ്രോഗ് മൗത്ത് നേച്ചർ ട്രേയിൽ ആരംഭിച്ചിട്ടുള്ളതുമാണ്.
11. പീച്ചി ഡിവിഷന് കീഴിലെ ചിമ്മിനി ഇക്കോടൂറിസം പദ്ധതിയുടെ ഒന്നാം ഘട്ടമായി MLA ഫണ്ടിൽ നിന്ന് ഭരണാനുമതി ലഭിച്ച 50 ലക്ഷം രൂപയ്ക്ക് Toilet block, signage board, കുടിവെള്ള പദ്ധതി എന്നിവ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ചൂലന്നൂർ മയിൽ സങ്കേതത്തിൽ "Revamping Chulannur Ecotourism under Peechi FDA" എന്ന പദ്ധതിക്ക് ഇക്കോ ടൂറിസം ക്ലിയറിംഗ് കമ്മിറ്റിയുടെ അംഗികാരം ലഭിച്ചിട്ടുള്ളതും, ചൂലന്നൂർ മയിൽ മ്യൂസിയം നിർമ്മാണം നടന്നുവരുന്നതുമാണ്.
12. പറമ്പിക്കുളം കടുവാ സങ്കേതത്തിൽ ഇക്കോടൂറിസത്തിന്റെ വികസനത്തിനായി പുതിയതായി 2 പേർക്ക് താമസിക്കാവുന്ന ടിമ്പർ നൂക്ക് എന്ന പാക്കേജും, 2 പേർക്ക് താമസിക്കാവുന്ന മൂന്ന് ടെന്റഡ് റൂസ്റ്റ് എന്ന

| | | | |
|---|---|---|---|
| | | | പാക്കേജും, ബൈസൈക്കിൾ റൈഡും ആരംഭിച്ചിട്ടുണ്ട്.<br>13. അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് (ABP) സർക്കിളിന് കീഴിലെ കോട്ടൂർ ആന പുനരധിവാസ കേന്ദ്രം പൂർണ്ണ സജ്ജമാക്കി നാടിന് സമർപ്പിക്കുകയും, കോട്ടൂർ മുതൽ കാപ്പുകാട് വരെയുള്ള റോഡ് നവീകരിച്ച് സഞ്ചാരയോഗ്യമാക്കുകയും ചെയ്തിട്ടുണ്ട്. കോട്ടൂർ ABP റെയിഞ്ചിൽ ഇക്കോടൂറിസം വിപുലീകരിക്കുന്നതിനും, സഞ്ചാരികൾക്ക് കൂടുതൽ സൗകര്യപ്രദമാകുന്നതിനും അപകടരഹിതമായി ബോട്ട് യാത്ര നടത്തുന്നതിനും കാപ്പുകാടിൽ പുതിയ ബോട്ട് ജെട്ടി നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്. |
| (ബി) | ഭാവിയിൽ ഇക്കോ ടൂറിസത്തിന്റെ സാധ്യതകൾ വിശദമാക്കാമോ? | (ബി) | പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത സംബന്ധിച്ച് ഒരു ഉൾക്കാഴ്ച നൽകുവാനും പ്രകൃതിദത്ത ആവാസവ്യവസ്ഥയെക്കുറിച്ച് കൂടുതൽ വിജ്ഞാനപ്രദമായ വിവരങ്ങൾ സഞ്ചാരികൾക്ക് നൽകുന്നതിനുമാണ് ഇക്കോടൂറിസം പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളത്. വനം വന്യജീവി സമ്പത്തിനും ഒരു വിധത്തിലുമുള്ള നാശങ്ങളും ശോഷണവും സംഭവിക്കാത്ത വിധത്തിൽ വനസമ്പത്ത് നിയമവിരുദ്ധമായി ചൂഷണം ചെയ്യാത്ത തരത്തിലുള്ള ഉത്തരവാദിത്ത ടൂറിസം എന്ന നിലയിൽ ഇക്കോ ടൂറിസത്തിന് ഭാവിയിൽ സുസ്ഥിരമായ സ്ഥാനമാണുള്ളത്. ഇക്കോ ടൂറിസം പ്രകൃതിയിലേക്കുള്ള തീർത്ഥാടനമെന്ന സങ്കൽപ്പത്തിൽ അധിഷ്ഠിതമായ വിധത്തിൽ ഇക്കോ ടൂറിസം മാറുമെന്നത് നിസ്തർക്കമായ വസ്തുതയാണ്.<br><br>കോവിഡ് കാലത്തിന് ശേഷം ടൂറിസം കേന്ദ്രങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സന്ദർശക പുരോഗതി ഇക്കോ ടൂറിസം കേന്ദ്രങ്ങളിലും ദൃശ്യമാണ്. പാരിസ്ഥിതിക ബോധവും, പാരിസ്ഥിതിക അനുഭവവും നൽകുന്ന സാമൂഹിക ഉത്തരവാദിത്തമുള്ള യാത്ര, പരിസ്ഥിതി സുസ്ഥിരത, സഹവർത്തിത്വം എന്നിവയിൽ ഇക്കോടൂറിസം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇക്കോ ടൂറിസം സഫാരി പാക്കേജിനായി ഇലക്ട്രിക് വാഹനങ്ങൾ (ഇലക്ട്രിക് ബസ്, സോളാർ ബോട്ട്) ഉപയോഗിക്കുന്ന പക്ഷം പരിസ്ഥിതിസൗഹൃദ ടൂറിസം ഉറപ്പുവരുത്തുന്നതോടൊപ്പം കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുവാനും കഴിയും. വിവിധ ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ വിപുലീകരണം ഭാവിയിൽ നടപ്പിലാക്കുന്നതിലൂടെ വനാശ്രിത |

| | | | |
|---|---|---|---|
| | | | സമൂഹത്തിനും തദ്ദേശീയർക്കും കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാകുകയും, അതുവഴി അവരുടെ സാമ്പത്തിക സാമൂഹിക നിലവാരം ഉയർത്തുന്നതിനും സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ